**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **13-10-2021 - ൽ മറുപടിയ്ക്ക്**

**സമുദ്രമത്സ്യോല്പാദന മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. മുരളി പെരുനെല്ലി** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന സമുദ്രമത്സ്യത്തിന്റെ അളവിൽ സ്ഥിരമായി കുറവ് വരുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന് പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത  കുറഞ്ഞു വരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്ക കയും 2018-ൽ പുതിയ കെ.എം. എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും CMFRI യുടെ ശുപാർശ യുടെ അടിസ്ഥാനത്തിൽ സംസ്ഥാ നത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാ വുന്ന വലിപ്പം (MLS) നിശ്ചയിച്ച നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു.   എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത വീണ്ടും കുറയുന്നതായിട്ടാണ് കാണുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്സ്യലഭ്യത കുറയാ നുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായി മാറിയി ട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തി നും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗ ങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുകയും, ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാ ക്കുകയും നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്യുന്നു |
| (ബി) | സമുദ്ര മത്സ്യോല്പാദന മേഖലയിലെ പ്രധാന പ്രശ്നങ്ങളായി കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാ സ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറു കളുടെ കടന്നുകയറ്റം, ജലമലിനീ കരണം, കണ്ടൽക്കാട്ടുകളുടെ തിരോ ധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയവയാണ് സമുദ്ര മത്സ്യോത്പാദന മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഇവയിൽ ചില കാരണങ്ങൾ മനുഷ്യജന്യവും മറ്റു ചിലവ പ്രകൃതി ജന്യവുമാണ്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും പലപ്പോഴും മത്സ്യബന്ധന മേഖലയിൽ പ്രശ്നങ്ങളായി മാറാറുണ്ട്. ഇത് കൂടാതെ ഇന്ധന വില അടിക്കടി വർദ്ധിപ്പിക്കുന്നതും സംസ്ഥാനത്തിന് അർഹമായ മണ്ണെണ്ണ ക്വാട്ട വെട്ടി ക്കുറക്കുന്നതും സബ്സിഡി മണ്ണെണ്ണ മൽസ്യത്തൊഴിലാളികൾക്കു ലഭ്യമല്ലാതായതും ഈ മേഖലയിൽ വലിയ അതൃപ്തി സൃഷ്ടിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തി നും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rules ഉം കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യ ങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യ മേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ് ഹാർബർ എഞ്ചിനീറിങ് വകുപ്പുകളുടെ നേതൃ ത്വത്തിൽ ബോട്ടുടമകൾ, മത്സ്യ ത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ ശുചിത്വ സാഗരം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാട്ടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി യിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റു കളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. |

| | | | |
|---|---|---|---|
| | | | ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗി ക്കുന്നത് മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തിക മാക്കി. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷ ണവും ഫലപ്രദമായി നടപ്പിലാക്കുന്ന തിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിയ്ക്കുന്നതിനു തീരുമാനിച്ചു. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീ കരിച്ചു പ്രവർത്തനം ആരംഭിച്ചു. ജില്ല, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്ന പ്രവർത്തി അന്തിമ ഘട്ടത്തിലാണ്. സബ്സിഡി മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞതുമൂലം പൊതു വിതരണ ശൃംഖല വഴി ഇപ്പോൾ മൽസ്യ ത്തൊഴിലാളികൾക്കു സബ്സിഡി മണ്ണെണ്ണ ലഭിക്കുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ സമ്മർദം ചെലുത്തിയതിന്റെ ഫലമായി സബ്സിഡി രഹിത മണ്ണെണ്ണയുടെ അളവിൽ ഇപ്പോൾ വർദ്ധന യുണ്ടായിട്ടുണ്ട്. ലിറ്ററിന് 41 രൂപ നിരക്കിൽ സബ്സിഡി രഹിത മണ്ണെണ്ണ മൽസ്യത്തൊഴിലാളികൾക്കു ലഭ്യമാക്കുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് വഴി നോൺ PDS മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മൽസ്യ തൊഴിലാളികൾക്ക് നൽകി വരുന്നു. |
| (സി) | മത്സ്യബന്ധന മേഖലയുടെ കാലോചിതമായ വികസനവും ഫലപ്രദമായ മാനേജ്മെന്റും ലക്ഷ്യമാക്കി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസി ലുകൾ രൂപീകരിയ്ക്കുന്നതിനു തീരുമാ നിച്ചു. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീ കരിച്ചു വരുന്നു. ജില്ല, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസി കൾ രൂപീകരിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. കൂടാതെ മത്സ്യ ബന്ധന മേഖലയുടെ കാലോചിത മായ വികസനവും ഫലപ്രദമായ മാനേജ്മെന്റും ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പും മത്സ്യഫെഡ്, മത്സ്യ ബോർഡ്, സാഫ് എന്നീ ഏജൻസി കളും നിരവധി പദ്ധതികൾ ആവിഷ്കരിച്ചു |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികളുടെ വിശദാംശം അനുബ ന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## A) ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

1. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. സമ്പാദ്യ സമാശ്വാസ പദ്ധതി.
3.മത്സ്യത്തൊഴിലാളി കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
4. വിദ്യാതീരം പദ്ധതി
5. തീരദേശത്തുള്ള കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭ തീരം പദ്ധതി.
6. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നൽകുന്ന പദ്ധതി
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇന്സുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
8. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
9.പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിനു പ്രാപ്തരാക്കാൻ ആഴക്കടൽ ബോട്ടുകൾ നൽകുന്ന പദ്ധതി
10. കടൽ സുരക്ഷാ പദ്ധതികൾ.
11. മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിത യാത്രസൗകര്യത്തിനായി സമുദ്ര പദ്ധതി
12. ഓഖി പുനരധിവാസ പദ്ധതികൾ.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി സർക്കാർ പുനർഗേഹം പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 2450 കോടി രൂപയുടെ പദ്ധതിയാണ് ഇത്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമിയുടെ അനുയോജ്യതയും വില നിർണ്ണയവും നടത്തി ഭൂമി വില, രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തു കൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും അടക്കം 10 ലക്ഷം രൂപ നൽകുന്നു. ഈ പദ്ധതി പ്രകാരം ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10949 ഗുണഭോക്താക്കളിൽ 7682 പേര് മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതും 2362 പേരുടെ ഭൂമി വില അംഗീകരിച്ചിട്ടുള്ളതുമാണ്. 1771 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1298 പേർ ഭവന നിർമ്മാണം ആരംഭിയ്ക്കുകയും 625 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേയ്ക്ക് താമസം മാറിയിട്ടുണ്ട്. 898 പേരുടെ ഫ്ലാറ്റ് നിർമാണം വിവിധ ഘട്ടങ്ങളിലാണ്.

ഓഖി പുനരധിവാസ പദ്ധതി പ്രകാരം ഓഖിയിൽ ഭവനം നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികളിൽ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി സുരക്ഷിത മേഖലയിൽ താമസിക്കുന്നതിന് തയ്യാറായതുമായ 22 കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

## B. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)
2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപന ങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ
    a. ടേം വായ്പകൾ
    b. മൈക്രോഫിനാൻസ് വായ്പ
    c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)
4. വലകൾക്കുള്ള സബ്സിഡി പദ്ധതി
5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
6. നാടൻ വള്ളങ്ങളുടെ നവീകരണം
7. മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്സ്(Production Bonus)
8. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)
9.ബ്ലൂറവല്യൂഷൻ പദ്ധതി
10.കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

**<u>C. മത്സ്യബോർഡു വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.
3. വിവാഹ ധനസഹായ പദ്ധതി
4. പെൻഷൻ
5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി
6. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
7. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
8.കുടുംബ സംവിധാന പദ്ധതി
9. മാരകരോഗ ചികിൽസാ പദ്ധതി
10. ചെയർമാൻസ് റിലീഫ് ഫണ്ട്
11.ബോർഡിൻറെ പ്രത്യേക ധനസഹായം
12.പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി
13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
14.ബോധവൽക്കരണ പരിപാടി
15. വിധവാ പെൻഷൻ
16. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
17. തണൽ പദ്ധതി
18. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

**അനുബന്ധത്തൊഴിലാളി വിഭാഗം**

1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
2.വാർദ്ധക്യകാല പെൻഷൻ
3.അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
4. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി
5. രോഗ ചികിൽസാ പദ്ധതി
6 അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി
7. കുടുംബ സംവിധാന പദ്ധതി
8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്
9. ബോർഡിന്റെ പ്രത്യേക ധനസഹായം
10. ഉന്നത വിദ്യഭ്യാസ പ്രോൽസാഹന പദ്ധതി
11. പ്രത്യേക പദ്ധതി – തണൽ പദ്ധതി

**<u>D. സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1. തീരമൈത്രി പദ്ധതി
2. അഷ്ടമുടിഫേസ് II പദ്ധതി

3. 3R Package For Ensuring Sustainable Livelihoods of Fisher women in Kerala (Rebuilding, Revival, Reforms)

4. JLG Project for Ensuring Livelihood Security of Fisher women in Kerala 2020-21 പദ്ധതി

5. തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് 2020-21 പദ്ധതി